പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം

നം.2613

12.02.2019-ൽ മറുപടിയ്ക്ക്

## ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കമോ ; | (എ) ഉണ്ട്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കീഴിൽ വിവിധ ജില്ലകളിലായി 16 തിയേറ്ററുകൾ ഇപ്പോൾ പ്രവർത്തിച്ച വരുന്നു. കോർപ്പറേഷന്റെ എല്ലാ തിയേറ്ററുകളും റിലീസിംഗ് സെന്ററുകളാണ്. എല്ലാ തിയേറ്ററുകളും ആധുനികവൽക്കരിച്ച് മികച്ച രീതിയിലുള്ള സിനിമാസ്വാദനം പ്രേക്ഷകർക്ക് നൽകുന്നുണ്ട്. ചലച്ചിത്ര പ്രദർശനത്തിലെ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള കുറ്റമറ്റ പ്രവർത്തന രീതിയും, റിലീസിംഗ് സിനിമകളുടെ ചാർട്ടിംഗും സർവ്വോപരി തിയേറ്റർ പ്രവർത്തനത്തിലുള്ള മാനേജ്മെന്റിന്റെ നിരന്തര ജാഗ്രതയും മേൽനോട്ടവും കൊണ്ട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ എല്ലാ തിയേറ്ററുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പി ക്കുന്നതിന് തിയേറ്ററുകൾ വിട്ടു നൽകുന്നതിൽ നില നിൽക്കുന്ന | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിവിധ തിയേറ്ററുകളിൽ ഫിലിം സൊസൈറ്റികൾ നടത്തുന്ന ചലച്ചിത്രോത്സവം, ഡോക്യുമെന്ററി, ഹ്രസ്വ ചിത്രങ്ങൾ മുതലായവ |

ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

റഗുലർ ഷോകൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രദർശിപ്പിക്കുവാൻ അനുമതി നൽകുന്നുണ്ട്. ഇപ്രകാരം തിയേറ്റർ നൽകുന്നതിന് ഏറ്റവും കുറഞ്ഞ വാടക നിരക്കാണ് ഈടാക്കുന്നത്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ എല്ലാം തന്നെ റിലീസിംഗ് സെന്റർ ആയതിനു ശേഷം സിനിമാ നിർമ്മാതാക്കളുമായി മുൻകൂർ കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് ചിത്രങ്ങൾ മുൻകൂട്ടി ചാർട്ടു ചെയ്യുന്നുവെങ്കിലും മേൽ വിവരിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. എന്നാൽ തിയേറ്ററുകൾ ആധുനികൽക്കരിച്ചതിനു ശേഷം നടത്തിപ്പ് ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാൽ വാടക നിരക്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയ വർദ്ധനവ് വന്നിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ജില്ലാ ആസ്ഥാനങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളതിനാൽ ഇത്തരം ചലച്ചിത്രോത്സവങ്ങളുടെ സംഘാടനത്തിന് സ്ഥിരമായി ഒരിടം സംജാതമാകുകയും ചെയ്യും.

(സി) സ്വകാര്യ തിയേറ്ററുകളിൽ പ്രദർശനത്തിന് അവസരം ലഭിക്കാത്ത കലാമൂല്യമുള്ള ലോകോത്തര സിനിമകൾ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ തിയേറ്ററുകൾക്ക് പ്രസ്തുത ലക്ഷ്യ നിർവ്വഹണത്തിൽ എത്രത്തോളം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സിനിമാ തിയേറ്ററുകളിൽ മുഖ്യധാര സിനിമകളോടൊപ്പം സ്വകാര്യ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ അവസരം ലഭിക്കാത്ത കലാമൂല്യമുള്ള ചിത്രങ്ങളും പ്രദർശിപ്പിക്കുവാൻ ഇടം നൽകുന്നു. തിയേറ്ററുകളുടെ മേന്മയേറിയ നടത്തിപ്പിനായും കാലികമായ ആധുനികവൽക്കരണത്തിനും മറ്റുമായി വളരെയധികം തുക ചെലവാകുന്ന സാഹചര്യത്തിലും, സാമ്പത്തിക നഷ്ടം സഹിച്ചും കലാമൂല്യമുള്ള ചിത്രങ്ങൾ പരമാവധി പ്രദർശിപ്പിക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ ശ്രമിക്കുന്നുണ്ട്. ഈ രീതി

| | | |
|---|---|---|
| | | തുടരുന്നതും, സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇത്തരത്തിലുള്ള ചിത്രങ്ങൾ കൂടുതലായി പ്രദർശിപ്പിക്കുന്നതുമാണ്. |
| (ഡി) | ചലച്ചിത്രോത്സവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ മേളകൾക്ക് വേദിയൊരുക്കുന്നതിനായി സുതാര്യവും സഹായകരവുമായ നിലപാടുകൾ സ്വീകരിക്കുന്നതിന് പ്രസ്തുത തിയേറ്ററുകളെ സജ്ജമാക്കുന്നതിന് നിർദ്ദേശം നൽകുമോ ; | (ഡി) അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനായി കിഫ്ബി സഹായത്തോടെ സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് ചലച്ചിത്രോത്സവം കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കാവുന്നതാണ്. |
| (ഇ) | കൂടുതൽ മേളകൾ സംഘടിപ്പിക്കുന്ന തിയേറ്ററുകൾക്ക് പ്രത്യേക ഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ